(ഡി) താഴെ പറയുന്ന ആശുപത്രികളിൽ അനസ്തീസ്റ്റുമാരുടെ സേവനം ഇപ്പോൾ ലഭ്യമല്ല.

1. ജില്ലാ ആശുപത്രി, കണ്ണൂർ
2. നെടുമങ്ങാട് താലൂക്ക് ആശുപത്രി
3. പുനലൂർ താലൂക്ക് ആശുപത്രി
4. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി
5. സി.എഫ്.സി. അടൂർ
6. ജി. എഫ്. തിരുവല്ല
7. ഹരിപ്പാട് താലൂക്ക് ആശുപത്രി
8. കായംകുളം താലൂക്ക് ആശുപത്രി
9. സി. എഫ്. സി., ചെങ്ങന്നൂർ
10. പുളിക്കുന്ന് താലൂക്ക് ആശുപത്രി
11. ചേർത്തല താലൂക്ക് ആശുപത്രി
12. സി.എഫ്.സി., ചങ്ങനാശ്ശേരി
13. ജി. എഫ്., പള്ളുരുത്തി
14. പറവൂർ താലൂക്ക് ആശുപത്രി
15. കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി
16. ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രി
17. ഗവ: ആശുപത്രി, നിലമ്പൂർ
18. താലൂക്ക് ആശുപത്രി, ചാവക്കാട്
19. താലൂക്ക് ആശുപത്രി, വടക്കാഞ്ചേരി
20. ഗവ: ആശുപത്രി, കുന്നംകുളം
21. സി. എഫ്. സി., ആലത്തൂർ
22. താലൂക്ക് ആശുപത്രി, മണ്ണാർക്കാട്
23. താലൂക്ക് ആശുപത്രി, തിരൂർ
24. ഗവ: ആശുപത്രി, തിരൂരങ്ങാടി
25. താലൂക്ക് ആശുപത്രി, പൊന്നാനി
26. താലൂക്ക് ആശുപത്രി, പെരിന്തൽമണ്ണ
27. സി. എഫ്. സി. ചാവറ
28. സി. എഫ്. സി., മലപ്പുറം
29. താലൂക്ക് ആശുപത്രി, കൊയിലാണ്ടി
30. സി. എഫ്. സി., വൈത്തിരി

(ഇ) ലഭ്യതയനുസരിച്ച് നിയമിക്കുന്നതാണ്.

മെഡിക്കൽ കോളേജുകളുടെ നവീകരണത്തിന് വിദേശസഹായം

*4 [73] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ നവീകരണത്തിന് വിദേശ സഹായം സമാഹരിക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ):

(എ) ഉണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു †

പറമ്പിക്കുളം–മുല്ലപ്പെരിയാർ നദീജല കരാറുകളുടെ ലംഘനത്തിനെതിരെ നടപടി

*5 [74] ശ്രീ. കെ. കൃഷ്ണൻകുട്ടി:

,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം–മുല്ലപ്പെരിയാർ നദീജല കരാറുകൾ സംബന്ധിച്ച നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി 3-3-1994-ൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചുവോ;

(ബി) അംഗീകരിച്ചെങ്കിൽ പറമ്പിക്കുളം–അലിയാർ കരാറിന്റെയും മുല്ലപ്പെരിയാർ കരാറിന്റെയും നിയമസാധുതയെപ്പറ്റി നിയമവിദഗ്ദ്ധന്മാരുടെ അഭിപ്രായം തേടിയോ;

(സി) നിയമസാധുത ഉണ്ടെങ്കിൽ റിപ്പോർട്ടിൽ പറയുന്ന കരാർ ലംഘനങ്ങൾക്ക് എതിരായി എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച കരാർ ലംഘനങ്ങൾ ഇപ്പോഴും നടക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) പറമ്പിക്കുളം–അലിയാർ ഷെഡ്യൂൾ ഖണ്ഡിക 5(എ)-യിൽ പറയുംപ്രകാരം കരാർ ലംഘനങ്ങൾ ജെ. ഡബ്ലിയു. ആർ. ബോർഡിൽ ഉന്നയിക്കണമെന്ന് ഇതിൽ പങ്കെടുത്ത ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഉന്നയിക്കുകയുണ്ടായോ; എങ്കിൽ ബോർഡ് എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് നടപടികൾ എടുത്തുവരികയാണ്.

(ബി) ഈ കരാറുകളുടെ നിയമ സാധുതയെപ്പറ്റി അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടി.

(സി) സമിതി ചൂണ്ടിക്കാണിച്ചിട്ടുള്ള കരാർ ലംഘനങ്ങൾ കത്തു മുഖേന മുൻ കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയെ അറിയിക്കുകയും മറുപടിയായി തമിഴ്നാടിന്റെ ഭാഗത്തുനിന്നും കരാർ ലംഘനങ്ങൾ ഉണ്ടായിട്ടില്ല എന്നുമാണ് പറഞ്ഞിരിക്കുന്നത്. ലംഘനങ്ങൾ മൂലം ഉണ്ടായിട്ടുള്ള നഷ്ടം കണക്കാക്കി റിപ്പോർട്ടു ചെയ്യുവാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കരാർ റിവ്യു ചെയ്യുന്നതിന്റെ ഭാഗമായി ഒരു മന്ത്രിതല ചർച്ചയ്ക്കുവേണ്ടി തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ടുവരുന്നു.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[13-3-1996-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 4(73) കാണുക]

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അത്യന്താധുനിക ചികിൽസാ രീതികളും ഉൾപ്പെടുത്തി സേവനരംഗം നവീകരിക്കുന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ അമേരിക്കയിലെ മേയോ ക്ലീനിക്കിന്റെ സഹകരണത്തോടെ കേരളത്തിലെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ (തിരുവനന്തപുരം, കോട്ടയം എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളിലൊന്നിൽ) പ്രമേഹ രോഗ ചികിൽസയ്ക്കും ഗവേഷണത്തിനുമായുള്ള കേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

കൂടാതെ കാലിഫോർണിയയിലെ (അമേരിക്ക) ലോമ-ലിൻഡ യൂണിവേഴ്സിറ്റിയുമായി ക്വിട്ടിക്കൽ കെയർ നേഴ്സിംഗ്, കണ്ടിന്യൂയസ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് (Continuous Quality Improvement) എന്നീ മേഖലകളിൽ ഉള്ള വൈദഗ്ദ്ധ്യത്തിന്റെ കൈമാറ്റത്തിനുവേണ്ടിയുള്ള ധാരണാപത്രത്തിൽ കേരളാ ഗവൺമെന്റും പ്രസ്തുത യൂണിവേഴ്സിറ്റി അധികാരിയും ഒപ്പു വെച്ചിട്ടുണ്ട്.

കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 1986-ൽ സ്ഥാപിക്കപ്പെട്ടു പ്രവർത്തിച്ചുവരുന്ന ക്ലീനിക്കൽ എപ്പിഡമിയോളജി യൂണിറ്റ് വിദേശ സഹായത്തോടെ രോഗ കാരണങ്ങളെപ്പറ്റി ഉപരി പഠനം (എം. ഫിൽ. കോഴ്സ്) നടത്തുന്നതിനും, മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്കും ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കും വേണ്ട ഗവേഷണ മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിനും 18-12-1995-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 558/95/ആ.കു.വ. പ്രകാരവും (എം.എസ്.)479/95/ ആ.കു.വ. തീയതി 7-10-1995 പ്രകാരവും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ മറ്റു മെഡിക്കൽ കോളേജുകളിലും സാമ്പത്തിക പരിമിതിക്കനുസൃതമായി ഓരോ ക്ലീനിക്കൽ എപ്പിഡമിയോളജി യൂണിറ്റ് ഘട്ടം ഘട്ടമായി ആരംഭിക്കുന്നതിനും പരിപാടിയുണ്ട്.

1995 ഒക്ടോബർ മാസത്തിൽ സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പു സെക്രട്ടറി ശ്രീ. ഗോപാൽ കെ. പിള്ളയുടെ നേതൃത്വത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. പി. ശിവശങ്കരപിള്ള, ഡോ. ഇക്ബാൽ എന്നിവർ അമേരിക്കയിലെ മേയോ ക്ലീനിക്ക് സന്ദർശിക്കുകയും അവിടത്തെ അധികാരികളുമായി ചർച്ച നടത്തുകയും അനന്തരം 1995 ഡിസംബർ മാസത്തിൽ മേയോ ക്ലീനിക്ക് അധികാരികൾ കേരളം സന്ദർശിച്ചപ്പോൾ ആരോഗ്യ വകുപ്പു മന്ത്രി അവരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്.

അമേരിക്കയിലെ മേയോ ക്ലീനിക്കിന്റെ സഹകരണത്തോടെ പ്രമേഹ ചികിൽസയ്ക്കും ഗവേഷണത്തിനുമായി ഒരു കേന്ദ്രം സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത കേന്ദ്രം സ്ഥാപിക്കുന്നതിന് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

ക്വിട്ടിക്കൽ കെയർ നേഴ്സിംഗ്, കണ്ടിന്യൂയസ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് (Continuous Quality Improvement) എന്നീ മേഖലകളിൽ വൈദഗ്ദ്ധ്യ വിപുലീകരണത്തിനായി കാലിഫോർണിയയിലെ ലോമ-ലിൻഡ യൂണിവേഴ്സിറ്റിയുമായി ഒരു ധാരണാപത്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I—(തുടർച്ച)

കേരള സർക്കാർ ഒപ്പ് വെച്ചിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.) ഇതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടമെന്ന നിലയിൽ 5 പേരെ വിദേശത്ത് പരിശീലനത്തിനായി അയയ്ക്കാൻ ഉദ്ദേശിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന ക്രിനിക്കൽ എപ്പിഡമിയോളജി യൂണിറ്റിലെ ഒൻപത് പേർക്ക് വിദേശത്ത് വിവിധ കാലയളവുകളിൽ പരിശീലനം നൽകുകയുണ്ടായി. മേൽപ്പറഞ്ഞവരുടെ സേവനം ഉപയോഗപ്പെടുത്തി മറ്റുള്ളവർക്കും ട്രെയിനിംഗ് നൽകുന്നതിനോടൊപ്പം മറ്റ് മെഡിക്കൽ കോളേജുകളിലും ഓരോ ക്രിനിക്കൽ എപ്പിഡമിയോളജി യൂണിറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

7977/K3/96/H and FWD H and F. W. (K) Dept.

Memorandum of Understanding between the Government of Kerala and Loma Linda University, California, USA for setting up an Exchange Programme on Critical Care Nursing and Continuous Quality Improvement

Whereas through the efforts of the Association of Kerala Medical Graduates in North America and the Federation of Kerala Associations in North America, delegates from the Government of Kerala had visited Loma Linda University in October 1995.

Whereas a delegation from Loma Linda University has visited the Medical Institutions in Kerala and had discussions with the Government of Kerala, in February, 1996.

And Whereas it is agreed that an exchange programme would be initiated in the fields of Critical Care Nursing and Continuous Quality Improvement (CQI).

It is hereby agreed to establish an exchange programme between Loma Linda University and Medical Institutions in Kerala on the below mentioned terms:

1. It is agreed that initially, the exchange programme will be limited to the fields of Critical Care Nursing and CQI.

2. In the year 1996 at least one team of Nursing experts from Medical College, Trivandrum would be sent to Loma Linda University.

3. In the year 1996 at least one team of Nursing experts from the Loma Linda University would visit the Medical College, Trivandrum to assist in establishing model Critical Care Units.

4. The Kerala Government will provide local hospitality for visiting Loma Linda University Faculty and the Loma Linda University will provide local hospitality for visiting Medical Nursing and other Para Medical Faculty of Government of Kerala.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I—(തുടർച്ച)

5. Each will bear the travel expenses of his faculty.

6. At least one team from medical institutions in Kerala would be sent to Loma Linda University for training in CQI in 1996.

7. At least one team of experts in CQI from Loma Linda University will visit Kerala in 1996.

8. The collaboration in these two areas would continue in the year 1997.

Within one year other areas of collaboration like Dentistry, Psychiatric Nursing, Pain clinic, (Rehabilitation centers), Cardiothoracic Surgery, Burns and Pulmonology would be identified and separate memorandum of understanding would be entered into.

Signed at Thiruvananthapuram
on 16th February, 1996
Secretary to Government,

(Sd.)	(Sd.)
GOPAL K. PILLAI, I.A.S. Secretary to Government Health and Family Welfare Department, Government of Kerala, Thiruvananthapuram, Kerala, India	JOAN COGGIN, M.D., MPH, Special Assistant to the President for International Affairs, Loma Linda University, Loma Linda, California, USA.

അനുബന്ധം II

[13-3-1996-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 58 (1189) കാണുക]

തിരുവനന്തപുരം നഗരത്തിൽ നിയമാനുസരണം 'വൺവേ' കളായി പ്രഖ്യാപിച്ചിട്ടുള്ള റോഡുകൾ

1. ഡി. പി. ഐ. ജംഗ്ഷൻ മുതൽ വിമൻസ് കോളേജ് ജംഗ്ഷൻ വരെയുള്ള റോഡിൽ കിഴക്കുനിന്നും പടിഞ്ഞാറോട്ടു മാത്രം പ്രവേശനം.

2. റോസ്ഹൗസ് ജംഗ്ഷൻ മുതൽ പനവിള ജംഗ്ഷൻവരെയുള്ള റോഡ്—വടക്കു നിന്നും തെക്കോട്ടു മാത്രം പ്രവേശനം

3. ഉഷാമംഗലം മുതൽ ഹോളി ഏഞ്ചൽസ് കോൺവെൻറ് സ്കൂൾ വരെയുള്ള റോഡിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ 10 മണിവരെയും 12 മുതൽ 1 മണിവരെയും 3 മുതൽ 4 മണിവരെയും പ്രവേശനം കോൺവെൻറ് ഭാഗത്തുനിന്നും മാത്രം.

4. ചൂരക്കാട്ട് പാളയം മുതൽ പവർഹൗസ് ജംഗ്ഷൻ വരെയുള്ള റോഡിൽ രാവിലെ 8 മണിമുതൽ രാത്രി 8 മണിവരെ ഹെവി വെഹിക്കിൾസിന് പ്രവേശനം നിരോധിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly